പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3581 08.11.2019-ലെ മറുപടിക്ക്

**ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മൂലമാണ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത്. |
| (ബി) | ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇനിയും ഇവിടെ പൂർത്തീകരിക്കുവാനുള്ളത്; അറിയിക്കുമോ; | (ബി) | ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ട് അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി, വൈദ്യുതീകരണം ചെയ്യുന്ന പ്രവൃത്തി, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിക്കാനുണ്ട്. കൂടാതെ യാർഡിന്റെ പണിയും ചെയ്യുവാനുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോയുടെ നിർമ്മാണം വൈകുന്നത് മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ പണികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ വൈദ്യുതീകരണം, അഗ്നിസുരക്ഷാ സംവിധാനം, യാർഡ് ഡെവലപ്മെന്റ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനായി 2020-21 പ്ലാൻ ഫണ്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കടമുറികൾ ലേലം ചെയ്ത് പലിശ രഹിത നിക്ഷേപം സമാഹരിച്ച് ഫണ്ട് കണ്ടെത്താനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**